**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 255** | **04-10-2021 - ൽ മറുപടിയ്ക്ക്**

**സ്മാർട്ട് അങ്കണവാടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. ചിത്തരഞ്ജൻ | | Smt Veena George<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | അംഗണവാടികൾ സ്മാർട്ടാക്കുന്നതിന് സ്വീകരിക്കുന്ന നടപടികളെക്കുറിച്ച് വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് 01.04.2019 മുതൽ നിർമ്മിക്കാൻ തീരുമാനിച്ച അങ്കണവാടികൾക്ക് ഒരു ഏകീകൃത മോഡൽ വേണമെന്ന സർക്കാർ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ വകുപ്പിന് കീഴിൽ സ്വന്തമായി സ്ഥലമുള്ള അങ്കണവാടികൾക്ക് ആധുനിക രീതിയിൽ കെട്ടിടം നിർമ്മിക്കുന്നതിന് പ്ലാനും പ്രൈസ് സോഫ്റ്റ്‌വെയറിലുള്ള എസ്റ്റിമേറ്റും തയ്യാറാക്കിയിട്ടുണ്ട്. കെട്ടിടം നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്ന സ്ഥലത്തിന്റെ വിസ്തീർണ്ണത്തിന് (10, 7.5, 5, 3, 3(Slopping Terrain), 1.25സെന്റ്) അനുസൃതവും അനുയോജ്യവുമായ പ്ലാനും എസ്റ്റിമേറ്റും എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കും കൈമാറുകയും പുതുതായി നിർമ്മിക്കുന്ന കെട്ടിടങ്ങൾ ഏകീകൃത പ്ലാൻ അനുസരിച്ച് നിർമ്മിക്കണമെന്ന് നിർദ്ദേശം നൽകുകയും ചെയ്തിരുന്നു. സ്മാർട്ട് അങ്കണവാടി നിർമ്മാണത്തിനായി ഒരു പുതിയ ശീർഷകം അനുവദിച്ചിരുന്നു. ഇത്തരത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പ്രൊപ്പോസൽ നൽകുമ്പോൾ നിർമ്മാണം നടത്തുന്ന കെട്ടിടത്തിന് ആനുപാതികമായി ഒരു നിശ്ചിത തുക വകുപ്പ വിഹിതമായും ബാക്കി തുക ബന്ധപ്പെട്ട LSGD വിഹിതമായും കണ്ടെത്തിയാണ് പദ്ധതി നടപ്പിലാക്കി വരുന്നത്. സംസ്ഥാനത്തെ ആദ്യത്തെ സ്മാർട്ട് അങ്കണവാടി കെട്ടിട നിർമ്മാണം പൂർത്തീകരണത്തിന്റെ അവസാന ഘട്ടത്തിലുമാണ്. 2020-21 വർഷത്തിൽ 88 സ്മാർട്ട് അങ്കണവാടികൾ നിർമ്മിക്കുന്നതിനും, 2021-22 ൽ 50 സ്മാർട്ട് അങ്കണവാടികൾ നിർമ്മിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | ശിശുസൗഹൃദ പഞ്ചായത്തുകൾ, മുൻസിപ്പാലിറ്റികൾ എന്നിവയ്ക്കുള്ള നിലവിലെ മാനദണ്ഡങ്ങൾ വിശദമാക്കാമോ? | (ബി) | ശിശുസൗഹൃദ പഞ്ചായത്തുകൾ, മുൻസിപ്പാലിറ്റികൾ എന്നിവയ്ക്കുള്ള മാനദണ്ഡങ്ങൾ വനിത ശിശു വികസന വകുപ്പിൽ നിശ്ചയിക്കുന്നില്ല. കുട്ടികളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനും സാമൂഹിക |

| | | | |
|---|---|---|---|
| | | | ച്ചുറ്റുപാടുകളിൽ അവരുടെ പങ്കാളിത്തം, സുരക്ഷിതത്വം എന്നിവ ഉറപ്പാക്കുന്നതിനും വേണ്ടിയാണ് ശിശു സൗഹൃദ പഞ്ചായത്തുകൾ എന്ന ആശയം രൂപീകരിച്ചിട്ടുള്ളത്. യൂണിസെഫിന്റെ സഹായത്തോടെ കിലയാണ് ഈ പദ്ധതിയ്ക്ക് തുടക്കം കുറിച്ചത്. |

സെക്ഷൻ ഓഫീസർ